കെ. എസ്. ആർ. ടി. സി.-യെ ശക്തിപ്പെടുത്തൽ

*18 [108] ശ്രീ. ടി. പി. രാമകൃഷ്ണൻ:
,, കെ. രാധാകൃഷ്ണൻ:
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജനങ്ങളുടെ യാത്രാ ആവശ്യം നിറവേറ്റാൻ പ്രാപ്തമാക്കും വിധം കെ. എസ്. ആർ. ടി. സി.-യെ ശക്തിപ്പെടുത്താൻ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കാമോ;

(ബി) കെ. എസ്. ആർ. ടി. സി.-യിൽ പുതുതായി മൂലധന നിക്ഷേപം നടത്താൻ സർക്കാർ തയ്യാറാകുമോ;

(സി) പുതുതായി എത്ര കോടി രൂപയുടെ മൂലധന നിക്ഷേപം വർദ്ധിപ്പിച്ച് കൊണ്ടാണ് കെ. എസ്. ആർ. ടി. സി.-യുടെ വികസനം നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) കെ. എസ്. ആർ. ടി. സി.-ക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന നയസമീപനങ്ങളിൽ മാറ്റം വരുത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ഇ) ഓപ്പറേറ്റിംഗ് സെന്ററുകളും സ്റ്റേഷൻമാസ്റ്റർ ഓഫീസുകളും അടച്ചു പൂട്ടാനുള്ള തീരുമാനം പുനഃപരിശോധിക്കുമോ?

ഗതാഗതവകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള):

(എ) കെ. എസ്. ആർ. ടി. സി.-യുടെ പ്രശ്നങ്ങളെപ്പറ്റി പഠിക്കാനും പ്രവർത്തനം ശക്തിപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ നൽകാനുമായി ഒരു ഉന്നതാധികാര സമിതിയെ നിയോഗിക്കുകയും ഈ സമിതിയുടെ നിർദ്ദേശങ്ങൾ നടപ്പിലാക്കാൻ കെ. എസ്. ആർ. ടി. സി.-ക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കെ. എസ്. ആർ. ടി. സി.-യുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി കെ. റ്റി. ഡി. എഫ്. സി. വഴി ഉദാരമായ വ്യവസ്ഥയിൽ വായ്പ അനുവദിപ്പിക്കുകയുണ്ടായി.

(ബി ആന്റ് സി) പരിഗണനയിലില്ല.

(ഡി) ഉന്നതാധികാര കമ്മിറ്റിയുടെ ശുപാർശകൾ സർക്കാർ അംഗീകരിക്കുകയാണ് ചെയ്തത്.

(ഇ) ഓപ്പറേറ്റിംഗ് സെന്ററുകൾ കൂട്ടാനുള്ള തീരുമാനം പുനഃപരിശോധിക്കുകയും തൽക്കാലം ഓപ്പറേറ്റിംഗ് സെന്ററുകൾ തുടർന്നും പ്രവർത്തിക്കുവാൻ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

പ്രവർത്തനം ആവശ്യമില്ലെന്നു കണ്ട സ്റ്റേഷൻ മാസ്റ്റർ ഓഫീസുകളാണ് നിർത്തൽ ചെയ്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly